# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5663 03.11.2016-ന് മറുപടി നൽകേണ്ടിയിരുന്നത്

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള ചികിത്സ ധനസഹായങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ.എ.കെ ബാലൻ (പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായുള്ള ചികിത്സ ധനസഹായത്തിനുള്ള അപേക്ഷകൾ നിസ്സാര കാരണങ്ങൾ പറഞ്ഞ് നിരസിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) ഭാര്യയുടെയോ ഭർത്താവിന്റെയോ പേരിൽ കിട്ടിയിരിക്കുന്ന വരുമാന-ജാതി സർട്ടിഫിക്കറ്റുകൾ ഒരു പരിശോധനയും കൂടാതെ തന്നെ രോഗിയുടെ സർട്ടിഫിക്കറ്റ് അല്ല എന്നു പറഞ്ഞ് നിരസിക്കുന്നത് ഗൗരവമായി പരിശോധിക്കുമോ; ഇപ്രകാരം അകാരണമായി നിരസിച്ചിട്ടുള്ള അപേക്ഷകൾ പുന:പരിശോധിച്ച് പരമാവധി ധനസഹായം ഈ വിഭാഗത്തിലെ ആളുകൾക്ക് നൽകുവാൻ നടപടി സ്വീകരിയ്ക്കുമോ; | (ബി) ചികിത്സാ ധനസഹായത്തിന് അപേക്ഷിക്കുന്ന വ്യക്തിയുടെ ജാതി/വരുമാന/മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾക്കൊള്ളിച്ചിട്ടുള്ള അപേക്ഷകളാണ് സമർപ്പിക്കേണ്ടത്. അത്തരം അപേക്ഷകൾ ഒന്നും തന്നെ നിരസിച്ചിട്ടില്ല. ന്യൂനതയുള്ള അപേക്ഷകൾ ന്യൂനത പരിഹരിച്ച് ലഭ്യമാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നുണ്ട്. ന്യൂനതകൾ പരിഹരിച്ച ലഭ്യമാക്കുന്ന അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നുണ്ട്. |

| | |
|---|---|
| സി) ഈ സർക്കാർ വന്നശേഷം ചികിത്സ ധനസഹായത്തിനുള്ള എത്ര അപേക്ഷകളിൽ ഉത്തരവ് ഇറക്കുവാൻ ബാക്കിയുണ്ടെന്നും എത്ര അപേക്ഷകൾ പെൻഡിംഗ് ആണെന്നും അറിയിക്കുമോ? | (സി) പട്ടികജാതി വികസന വകുപ്പിൽ ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് 31/10/2016 വരെ ഉത്തരവ് പുറപ്പെടുവിക്കുവാൻ 2685 അപേക്ഷകളും പെൻഡിംഗ് ആയി 481 അപേക്ഷകളും ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുവാൻ 23 അപേക്ഷകൾ ബാക്കിയുണ്ട്. |

**സെക്ഷൻ ഓഫീസർ**